(എ)-(എഫ്) റെയിനോൾഡ് ജി.ഫെർണാണ്ടസ് എന്നയാൾ ചെറുതുരുത്തിനാദം വീഡിയോസ് എന്ന സ്ഥാപനത്തിന്റെ ഉടമ തോമസിനെ വെടിവച്ചു കൊലപ്പെടുത്തുകയും സ്വയം വെടിവെച്ച് ആത്മഹത്യയ്ക്ക് ശ്രമിക്കുകയും ചെയ്തിട്ടുണ്ട്. റെയിനോൾഡ് ബി. ഫെർണാണ്ടസ് എന്നയാൾ പാണ്ടിക്കാട് എസ്.ആർ.എ.എപ് കമാന്റിന്റെ വി.എസ്.ഒ ആയി ജോലി നോക്കിയിരുന്ന ഒരു കോൺസ്റ്റബിളായിരുന്നു. ഈ കൊലപാതകത്തിന് അദ്ദേഹത്തിന്റെ ഒദ്യോഗിക ചുമതലയുമായി യാതൊരു ബന്ധവുമില്ല. സംഭവത്തോടനുബന്ധിച്ച് ചെറുതുരുത്തി പോലീസ് സ്റ്റേഷനിൽ ക്രൈം 731 വരെ നമ്പരായി കേസ്സ് രജിസ്റ്റർ ചെയ്ത് കേസ്സിലെ പ്രതിയായ റെയിനോൾഡിനെ അറസ്റ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. തൃശ്ശൂർ ഡി.ഐ.ജി.യുടെ നേതൃത്വത്തിൽ കേസ്സന്വേഷണം നടന്നുവരുകയാണ്.

(ജി) പരാതി പരിശോധിച്ചു വരുന്നു.

എസ്.ബി. കോളേജ് വിദ്യാർത്ഥികളെ മർദ്ദിച്ച സംഭവം

74 (730)ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.ജി. യൂണിവേഴ്സിറ്റി യുവജനോത്സവത്തിന് പങ്കെടുക്കുവാൻ എത്തിയ എസ്.ബി. കോളേജ് വിദ്യാർത്ഥികളെ മർദ്ദിച്ചതായി പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പരാതി അനുസരിച്ച് കേസ്സ് രജിസ്റ്റർചെയ്തിട്ടുണ്ടോ;

(സി) എന്നാണ് കേസ്സ് രജിസ്റ്റർ ചെയ്തത്;

(ഡി) ഈ കേസ്സിൽ ആരെയെങ്കിലും അറസ്റ്റ് ചെയ്തിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ കാരണം എന്ത്;

(എഫ്) പ്രതികളെ തിരിച്ചറിയുന്നതിനും അറസ്റ്റ് ചെയ്യുന്നതിനും നടപടികൾ സ്വീകരിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജി) യുവജനോത്സവത്തിന്റെ സംഘാടകസമിതി ബാഡ്ജ് കുത്തിയാണ് പ്രതികൾ അക്രമം നടത്തിയത് എങ്കിലും സംഘാടകസമിതിക്കാരെ പോലും വിളിച്ച് ചോദ്യം ചെയ്തില്ല എന്ന പരാതി ശരിയാണോ;

(എച്ച്) പ്രതികളെ അറസ്റ്റ് ചെയ്യുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി) ഉണ്ട്.

(സി) 20-2-2000ൽ.

(ഡി)&(ഇ) പ്രതികളെ നാളിതുവരെ തിരിച്ചറിഞ്ഞിട്ടില്ലാത്തതിനാൽ അറസ്റ്റ് ചെയ്തിട്ടില്ല.

(എഫ്) ഇല്ല.

(ജി) ശരിയല്ല.

(എച്ച്) പ്രതികളെ കണ്ടെത്തുന്നതിനുള്ള എല്ലാ ശ്രമങ്ങളും നടത്തിവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly